27 (423) ശുചിത്വ ഗ്രാമ പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ ഗ്രാമപദ്ധതി നടപ്പിലാക്കിയ കൊയിലാണ്ടി മണ്ഡലത്തിലെ തിക്കൊടി, തുറയൂർ പഞ്ചായത്തുകളിൽ എത്ര രൂപ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ചെലവ് വന്നു;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്ക് കക്കൂസും ശുദ്ധജലവും എത്തിച്ചു;

(സി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിക്കൊടി പഞ്ചായത്തിൽ 16.356 ലക്ഷം രൂപയും, തുറയൂർ പഞ്ചായത്തിൽ 12.7941 ലക്ഷം രൂപയും ചെലവായി.

(ബി) തുറയൂർ പഞ്ചായത്തിൽ 548 കക്കൂസുകളുടെ നിർമ്മാണവും, 143 കിണറുകളുടെ സംരക്ഷണ പണികളും പൂർത്തിയായി. തിക്കൊടി പഞ്ചായത്തിൽ 760 കക്കൂസുകളുടെ നിർമ്മാണവും 76 കിണറുകളുടെ സംരക്ഷണപണിയും പൂർത്തിയായിട്ടുണ്ട്.

(സി) തുറയൂർ പഞ്ചായത്തിൽ 800 കക്കൂസുകളുടെ നിർമ്മാണത്തിന് 16 ലക്ഷം രൂപയും 200 കിണറുകളുടെ സംരക്ഷണത്തിന് 2.40 ലക്ഷം രൂപയും, തിക്കൊടിയിൽ 900 കക്കൂസുകൾ നിർമ്മിക്കുന്നതിന് 18 ലക്ഷം രൂപയും 100 കിണറുകളുടെ സംരക്ഷണപ്പണികൾക്ക് 1.20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

ഇതിനുപുറമേ തുറയൂർ പഞ്ചായത്തിൽ പരിശീലനത്തിന് 4800 രൂപയും പ്രചരണത്തിന് 9000 രൂപയും ചെലവായിട്ടുണ്ട്. തിക്കൊടി പഞ്ചായത്തിന് പരിശീലനത്തിന് 4800 രൂപയും പ്രചാരണത്തിന് 9500 രൂപയും, മേസ്തിരി പരിശീലനത്തിന് 3100 രൂപയും സ്ഥാപനങ്ങളുടെ കക്കൂസ് നിർമ്മാണത്തിന് 7000 രൂപയും ചെലവായി.

28 (424) കാലവർഷം നേരിടാൻ നടപടി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽക്ഷോഭവും കാലവർഷവുംമൂലം തീരദേശവാസികൾ കൊടും പട്ടിണിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കടൽക്ഷോഭം തീരുന്നതുവരെ തീരദേശത്ത് സൗജന്യ റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാലവർഷം കഴിയുന്നതുവരെ അഡ്വാൻസായി റേഷൻ മുടങ്ങാതെ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യഫെഡ് വഴി 80 മത്സ്യത്തൊഴിലാളികൾക്കായി 17115 രൂപയുടെ ധനസഹായം നൽകി.

(സി) സൗജന്യറേഷൻ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) റേഷൻ അഡ്വാൻസായി നൽകുന്ന കാര്യം ആലോചനയിലില്ല.

29 (425) പ്രകൃതിക്ഷോഭം നേരിടാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഉണ്ടായ പ്രകൃതിക്ഷോഭത്തിലും വെള്ളപ്പൊക്കത്തിലും മത്സ്യത്തൊഴിലാളി മത്സ്യബന്ധനമേഖലയിൽ എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന് എന്തെല്ലാം നഷ്ടപരിഹാര നടപടികൾ കൈക്കൊള്ളാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യബന്ധനത്തിന് പോയി വള്ളവും വലയും നഷ്ടപ്പെട്ട നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും ആശ്വാസ ആനുകൂല്യങ്ങൾ നൽകുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 23,29000 രൂപയുടെ.

(ബി) മത്സ്യഫെഡ് വഴി മത്സ്യബന്ധന ഉപകരണങ്ങൾ വായ്പയായി ലഭിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) 5 പേർക്ക് താൽക്കാലിക ആശ്വാസമായി മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസനിധിയിൽനിന്നും 1500 രൂപ വീതം നൽകുകയുണ്ടായി.

30 (426) നബാർഡ് സഹായത്തോടെ റോഡ്

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന കാസർഗോഡ് ജില്ലയിലെ നീലേശ്വരം

LIBRARY ARCHIVES Kerala Legislative Assembly